LIBRARY ARCHIVES Kerala Legislative Assembly

പ്രതിരോധ കുത്തിവയ്പ്

55 (744) ഡോ. കെ. ടി. ജലീൽ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ് ലഭിക്കാത്ത ശിശുക്കളുടെ എണ്ണം വർദ്ധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രതിരോധ കുത്തിവയ്പ് എടുക്കാത്തതുകൊണ്ട് മലപ്പുറം ജില്ലയിൽ ഉണ്ടായ ഡിഫ്ത്തീരിയമൂലമുള്ള മരണങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഡിഫ്ത്തീരിയ, അഞ്ചാം പനി, വില്ലൻചുമ തുടങ്ങിയ രോഗങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രതിരോധ കുത്തിവയ്പുകൾ നിയമംമൂലം നിർബന്ധമാക്കുന്നത് സംബന്ധിച്ച് അഭിപ്രായം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡി.എൽ.എച്ച്.എസ്. സർവ്വേ പ്രകാരം സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണാൻ കഴിയുന്നത്. ഡി.എൽ.എച്ച്.എസ്-3 (ഡിസ്ട്രിക്ട് ലവൽ ഹൗസ്ഹോൾഡ് സർവ്വേ 2007-2008) പ്രകാരം പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ് എടുത്ത കുട്ടികളുടെ ശതമാനം 79.6 ഉം. ഡി.എൽ.എച്ച്.എസ്.-4 (2012-13) പ്രകാരം പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ് എടുത്ത കുട്ടികളുടെ ശതമാനം 82.5-ഉം ആണ്. റാപ്പിഡ് സർവ്വേ ഓൺ ചിൽഡ്രൺ (RSOC 2013-14) പ്രകാരം പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ് എടുത്ത കുട്ടികളുടെ ശതമാനം 83 ആണ്. മേൽപറഞ്ഞ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിലും സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികളുടെ എണ്ണം സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്.

(ബി) മലപ്പുറം ജില്ലയിൽ പ്രതിരോധ കുത്തിവയ്പ് എടുക്കാത്തതുകൊണ്ട് ഉണ്ടായ ഡിഫ്ത്തീരിയ മൂലമുള്ള മരണങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. മലപ്പുറം ജില്ലയിലെ വെട്ടത്തൂർ, കാളമ്പാടി എന്നീ സ്ഥലങ്ങളിലാണ് ഡിഫ്ത്തീരിയ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആരോഗ്യ വകുപ്പിന്റെ സമയോചിതമായ നടപടികളിലൂടെ രോഗനിയന്ത്രണം സാധ്യമാകുകയും ചുവടെ പറയുന്ന ഊർജ്ജിത കർമ്മ പരിപാടികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു:

1. ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറെ കൺവീനർ ആക്കിക്കൊണ്ട് കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ വിദഗ്ധരും, ഐ.എ.പി., ഐ.എം.എ. കെ.ജി.എം.ഒ.എ, കെ.ജി.എം.സി.റ്റി.എ, എഫ്.ഒ.ജി.എസ്., കൃ.പി.എം.പി.എ. ജില്ലയിലെ മുതിർന്ന ഡോക്ടർമാർ എന്നിവരടങ്ങുന്ന കർമ്മസേന രൂപീകരിക്കാനും കർമ്മസേനയുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലും തുടർപ്രവർത്തനങ്ങൾ നടത്താനും സാധിച്ചു.

2. രോഗബാധ സ്ഥിരീകരിക്കപ്പെട്ട പ്രദേശങ്ങളിൽ രോഗപ്രതിരോധ കുത്തിവയ്പുകൾ സ്വീകരിക്കാത്ത കുട്ടികളെ കണ്ടെത്തുകയും ഡിഫ്ത്തീരിയ കുത്തിവയ്പ് പൂർണ്ണമായും എടുക്കാത്തവർക്ക് മൂന്നും ഭാഗികമായി എടുത്തവർക്ക് ഒന്നും ഡോസ് വീതം ടി.ഡി. വാക്സിൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മരണപ്പെടുകയും രോഗം സ്ഥിരീകരിക്കപ്പെടുകയും ചെയ്ത കുട്ടികളുമായി അടുത്തിടപഴകിയ എല്ലാവർക്കും പ്രായഭേദമന്യേ ഒരു ഡോസ് ടി.ഡി. വാക്സിനും ഒരു കോഴ്സ് എറിത്രോമൈസിൻ ഗുളികകളും നൽകിവരുന്നു.

4. സ്കൂൾ വാക്സിനേഷന്റെ ഭാഗമായി 10-16 വയസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന ടി.ടി. ബൂസ്റ്റർ ഡോസിന് പകരം ടി.ഡി. വാക്സിൻ നൽകി വരുന്നു.

5. പൂർണ്ണമായോ, ഭാഗികമായോ കുത്തിവെയ്പ് ലഭിക്കാത്ത കുട്ടികളെ കണ്ടെത്താൻ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

6. ആവശ്യമായ ഡിഫ്തീരിയ ആന്റിടോക്സിൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

7. പ്രതിരോധ കുത്തിവയ്പിനെ പരമാവധി പ്രോത്സാഹിപ്പിക്കാനും ജില്ലയിലെ ചില ഭാഗങ്ങളിൽ കണ്ടുവരുന്ന വാക്സിനേഷനെതിരായ പ്രചരണങ്ങളെ നിരുത്സാഹപ്പെടുത്താനും സ്ഥിരമായും, നിരന്തരവുമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു.

8. കർമ്മസേനാ സമിതി അംഗങ്ങൾ ഡിഫ്തീരിയ രോഗബാധ റിപ്പോർട്ട് ചെയ്ത കാളമ്പാടി, വെട്ടത്തൂർ യത്തീംഖാനകൾ സന്ദർശിക്കുകയും അധികാരികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് ഡിഫ്തീരിയ രോഗബാധയേറ്റ് മരിച്ചതായി സംശയിക്കുന്ന കുട്ടികളുടെ വീട് ഉൾക്കൊള്ളുന്ന തലക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രം പരിധിയിലെ കൽപ്പകച്ചേരി പ്രദേശം സന്ദർശിച്ച് അന്വേഷണം നടത്തുകയും അതിനുശേഷം ജില്ലയ്ക്ക് വേണ്ട സമഗ്രമായ കർമ്മ പരിപാടിയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു.

(സി) സ്കൂൾ പ്രവേശന സമയത്ത് ഇമ്മ്യൂണൈസേഷൻ കാർഡ് നിർബന്ധമാക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് സമർപ്പിച്ച നിവേദനത്തിൻമേൽ പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ സ്കൂൾ പ്രവേശന സമയത്ത് രക്ഷിതാക്കൾ അവരുടെ കൈവശമുള്ള ഇമ്മ്യൂണൈസേഷൻ കാർഡ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാനും, പ്രസ്തുത കാർഡ് പരിശോധിച്ച് പൂർണ്ണമായോ, ഭാഗീകമായോ പ്രതിരോധ കുത്തിവയ്പ് എടുക്കാത്ത കുട്ടികളുടെ ഒരു പട്ടിക തയ്യാറാക്കി തുടർന്നുള്ള രണ്ട് മാസ കാലയളവിനുള്ളിൽ അത്തരം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ് എടുക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാനും തീരുമാനിച്ചു. ഇതിനുവേണ്ട നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെ സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

56 (745) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ നിർണ്ണയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly